ശ്രീ. സി. പി. മൂസ്സാൻകുട്ടി: കാലതാമസം ഒഴിവാക്കുമെന്നു പറഞ്ഞല്ലോ. ഇത്തരം പണം അടക്കുന്നതിന്റെ വ്യക്തമായ കണക്കുകൾ ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വേറൊരു ചോദ്യത്തിനു മറുപടിയായി ഇത് വരുന്നുണ്ട്. അഡ്വാൻസായി 45 ലക്ഷം രൂപ വീതം മാസം തോറും അടക്കുകയും കുറവുണ്ടെങ്കിൽ അടുത്ത മാസത്തിൽ അടക്കുകയും കൂടുതലുണ്ടെങ്കിൽ അടുത്ത മാസം അഡ്ജസ്റ്റ് ചെയ്യുകയും ആണ് ചെയ്യുന്നത്. കഴിഞ്ഞ മാസത്തോടുകൂടി ഡ്യൂട്ടിയിനത്തിലുള്ളത് പൂർണ്ണമായി ഗവൺമെന്റിലേക്ക് അടച്ചു തീർത്തു.

ശ്രീ. എ. സി. ജോസ്: കളക്ഷന്റെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ബാങ്കുകൾ, വഴി കളക്ഷൻ അടക്കുന്ന പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ? ഇല്ലെങ്കിൽ അതു നടപ്പാക്കാൻ വല്ല പരിപാടിയുമുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇത് ഇലക്ട്രിസിറ്റി ഡ്യൂട്ടിയെ സംബന്ധിച്ച ചോദ്യമാണ്. ബാങ്കിന്റെ കാര്യത്തെ സംബന്ധിച്ച് ഈ നിയമസഭ അംഗീകരിച്ച റിപ്പോർട്ടുണ്ട്. ഇത് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് ഗവൺമെന്റിലേക്ക് അടക്കുന്ന കാര്യമാണ്.

വെളിച്ചെണ്ണ ഇറക്കുമതി

* 573[626] ശ്രീ. പി. കരുണാകരൻ:
,, പി. പി. എസ്തോസ്:
,, എം. വി. രാഘവൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, സി. ബി. സി. വാര്യർ:
,, പി. കെ. ചന്ദ്രാനന്ദൻ:
,, പി. ആർ. ശിവൻ:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണ, കൊപ്ര, റബ്ബർ, കൊക്കോ എന്നിവയുടെ ഇറക്കുമതി നിറുത്തി വയ്ക്കുന്നതു സംബന്ധിച്ച് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതിനുശേഷവും വെളിച്ചെണ്ണ ഇറക്കുമതി നടന്നിട്ടുള്ളതായി ഗവൺമെന്റിന് അറിവുണ്ടോ;

(ബി) നിയമസഭ പാസ്സാക്കിയ പ്രമേയം പ്രധാനമന്ത്രിയുടെയും, കേന്ദ്ര ഗവൺമെന്റിലെ ബന്ധപ്പെട്ട മറ്റു മന്ത്രിമാരുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് അവരിൽ നിന്നുണ്ടായ പ്രതികരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഉണ്ട്.

(ബി ആൻറ് സി) 22-7-1981-ൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തെ ആധാരമാക്കി പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതിനായി ഒരു മെമ്മോറാണ്ടം തയ്യാറാക്കി ഏതാനും അഡ്വാൻസ് കോപ്പികൾ 3-8-1981-ൽ പ്രധാനമന്ത്രിക്ക് എത്തിച്ചിട്ടുണ്ട്. പാർലമെൻറ് ഹൗസിൽവച്ച് 24-8-1981-ൽ ഉച്ചക്കുശേഷം 4-30-ന് പ്രധാനമന്ത്രി നിവേദക സംഘത്തെ സ്വീകരിക്കുന്നതാണെന്ന് അറിയിപ്പു കിട്ടിയിട്ടുണ്ട്. ആ കൂടിക്കാഴ്ചയിൽ നിവേദക സംഘം ടി പ്രമേയവും മെമ്മോറാണ്ടവും ഔപചാരികമായി പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതാണ്.

ശ്രീ. പി. കരുണാകരൻ: നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതിനുശേഷം കേരളത്തിലെ പ്രതിപക്ഷനേതാവും പ്രതിപക്ഷ പാർട്ടികളിലെ ആളുകളും ചേർന്ന് ഏകപക്ഷീയമായി കേന്ദ്ര ഗവൺമെൻറിൻെറ മുമ്പിൽ ഇതേ പ്രശ്നം ഉന്നയിച്ചതായി പത്രത്തിൽ കണ്ടു. അതിനുശേഷം കേരളത്തിലേക്ക് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

*ശ്രീ. ഇ. കെ. നായനാർ: വെളിച്ചെണ്ണ ഇറക്കുമതി നടത്തിയതായിട്ട് പത്രത്തിൽ വന്നിട്ടുണ്ട്. ജൂലൈ 24-ാം തീയതിയും ആഗസ്റ്റ് 5-ാം തീയതിയും. ജൂലൈ 24-ാം തീയതി 1000 ടൺ കൊച്ചിയിലും ആഗസ്റ്റ് 5-ാം തീയതി 3,500 ടൺ ബോംബെയിലും ഇറക്കുമതി ചെയ്തതായി പത്രത്തിൽ വരികയും അതു സംബന്ധിച്ച് നമ്മുടെ കൃഷിവകുപ്പ് മന്ത്രി കോമേഴ്സ് മിനിസ്റ്റർക്ക് അതിൽ പ്രതിഷേധിച്ച് ഇറക്കുമതി നിറുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് എഴുതുകയും ചെയ്തു. മുഖ്യ മന്ത്രിയും ഇതു സംബന്ധിച്ച് പ്രധാനമന്ത്രിക്ക് എഴുതുകയുണ്ടായി.

ശ്രീ. പി. കരുണാകരൻ: വെളിച്ചെണ്ണ, കൊപ്ര, റബ്ബർ എന്നിവയോടൊപ്പംതന്നെ കുരുമുളകും ഇറക്കുമതി ചെയ്യാൻ പോകുന്നതായി പത്രത്തിൽ കണ്ടു. അത് കേരള ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തി അവരിൽനിന്ന് വല്ല വിശദീകരണവും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: വിശദീകരണം ലഭിച്ചിട്ടില്ല. രണ്ടു ദിവസം മുമ്പുള്ള പത്രത്തിലാണ് കുരുമുളകു സംബന്ധിച്ച വാർത്ത വന്നത്. കൃഷി വകുപ്പുമന്ത്രി കോമേഴ്സ് മിനിസ്റ്റർക്ക് ഇതു സംബന്ധിച്ചും എഴുതിയിട്ടുണ്ട്.

ശ്രീ. പി. പി. എസ് തോമസ്: രണ്ടു ദിവസം മുമ്പ് പാർലമെൻറിൽ ഒരു ചോദ്യത്തിനു മറുപടിയായി വെളിച്ചെണ്ണയും കൊപ്രയും തുടർന്നും ഇറക്കുമതി ചെയ്യുന്നതിന് നിയമപരമായി തടസമൊന്നുമില്ലെന്നും അത് തുടരുമെന്നും കേന്ദ്രമന്ത്രി മറുപടി പറഞ്ഞതായി പത്രവാർത്ത വന്നിട്ടുണ്ട്. അത് സംസ്ഥാന ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ. പ്രതിപക്ഷ നേതാക്കൻമാരുടെ പ്രസ്താവനയിൽനിന്നും വ്യത്യസ്തമായി കേന്ദ്ര മന്ത്രിയിൽനിന്ന് ഉണ്ടായ പ്രസ്താവനയെ സംബന്ധിച്ച് ഈ ഗവൺമെൻറിൻെറ പ്രതികരണം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: പ്രതിപക്ഷ നേതാക്കൻമാർക്ക് ഉറപ്പുകിട്ടിയിട്ടുണ്ടെന്നാണ് ഈ സഭയോട് പറഞ്ഞത്. എന്നാൽ ഇന്നലെ വന്ന പത്ര റിപ്പോർട്ടിൽ കൊപ്ര, വെളിച്ചെണ്ണ, കൊക്കോ, റബ്ബർ, ഗ്രാമ്പൂവ്, ജാതി, തടി എന്നിവയുടെ ഇറക്കുമതി കേന്ദ്ര ഗവൺമെന്റ് നിരോധിച്ചിട്ടില്ലെന്ന് കാണുന്നു. വാണിജ്യ വകുപ്പ് സഹമന്ത്രി ഖുർഷിത് ആലംഖാൻ പാർലമെന്റിൽ പ്രഖ്യാപിച്ചതാണ് ഇക്കാര്യം. ഇപ്പോഴത്തെ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതായ ആവശ്യം തോന്നിയിട്ടില്ലെന്നാണ് മന്ത്രി ഇതു സംബന്ധിച്ച് പാർലമെന്റിൽ പറഞ്ഞത്. അതുകൊണ്ട് പ്രധാനമന്ത്രിയെ സന്ദർശിക്കുന്ന സമയത്ത് ഇതിനെ സംബന്ധിച്ചും നിവേദനം നടത്തുന്നതാണ്. പ്രതിപക്ഷ നേതാക്കൻമാർക്ക് കിട്ടിയ ഉറപ്പും വകുപ്പുമന്ത്രിയുടെ മറുപടിയും തമ്മിൽ യാതൊരു പൊരുത്തവും കാണുന്നില്ല.

ശ്രീ. പി. പി. എസ് തോസ്: കഴിഞ്ഞ ദിവസംതന്നെ വളരെ വിവാദം സൃഷ്ടിച്ചതാണ് ഈ പ്രശ്നം. പ്രതിപക്ഷ നേതാക്കൻമാർ കൊക്കോ ഇറക്കുമതിക്ക് അനുകൂലമായി കേന്ദ്രത്തിന്റെ മുമ്പിൽ സമ്മതിച്ചുവെന്നും ഇറക്കുമതിയെ അനുകൂലിച്ചുവെന്നും ചിലവാർത്തകൾ വന്നു. പ്രതിപക്ഷ നേതാക്കൻമാരെ സംബന്ധിച്ചുള്ള ഈ വാർത്ത പാർലമെന്റിൽ മന്ത്രി പറഞ്ഞ മറുപടിയുമായി പൊരുത്തപ്പെടുന്നതാണെന്നു വിശ്വസിക്കുന്നതിൽ തെറ്റുണ്ടോ? അതുസംബന്ധിച്ച് ഈ ഗവൺമെന്റിന്റെ പ്രതികരണം എന്താണ്.

ശ്രീ. ഇ. കെ. നായനാർ: അന്നുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട് പ്രതിപക്ഷ നേതാക്കൻമാർക്ക് കിട്ടിയ ഉറപ്പ് ഉറപ്പാകുകയില്ലെന്ന്. പ്രതിപക്ഷ കക്ഷികളുടെ പ്രതിനിധി സംഘം പ്രധാനമന്ത്രിയേയും മറ്റു മന്ത്രിമാരേയും കാണുകയുണ്ടായി. വെളിച്ചെണ്ണയും കൊപ്രയും ഇറക്കുമതി ചെയ്യുകയില്ലെന്ന് തങ്ങൾക്ക് ഉറപ്പു കിട്ടിയതായുള്ള വാർത്തയും അതേ പത്രം തന്നെ റിപ്പോർട്ടുചെയ്തു. അതിനുശേഷമാണ് ഖുർഷിത് ആലംഖാന്റെ പ്രസ്താവന വന്നത്, അതല്ല ഗവൺമെന്റിന്റെ നയമെന്ന്. പ്രതിപക്ഷ നേതാക്കൻമാർക്ക് കിട്ടിയെന്നു പറയുന്ന ഉറപ്പും കേന്ദ്ര മന്ത്രി ലോകസഭയിൽ പ്രസ്താവിച്ചതും തമ്മിൽ യാതൊരു പൊരുത്തവുമില്ല. അതുകൊണ്ടാണ് പ്രധാനമന്ത്രിയോട് വീണ്ടും അഭ്യർത്ഥിക്കണമെന്ന് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും നിവേദനം നടത്തുന്നതിനും ഒരു നിവേദക സംഘം പോകാൻ തീരുമാനിച്ചതായി പത്രവാർത്ത കണ്ടു. നിയമസഭയിലെ എല്ലാ കക്ഷികളും യോജിച്ചുകൊണ്ട് നിവേദനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആരൊക്കെയാണു പോകുന്നത്?

ശ്രീ. ഇ. കെ. നായനാർ: നിയമസഭയിലെ എല്ലാകക്ഷികളുടെയും പ്രതിനിധികളുണ്ട്. നിയമസഭയിൽ ഇല്ലാത്ത കക്ഷികളുടെ പ്രതിനിധികളില്ല. നിയമസഭയിൽ ഉള്ള കക്ഷികളും പ്രതിനിധികളുടെ പേര് തരികയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: നിവേദനത്തിന്റെ കോപ്പി കക്ഷി നേതാക്കൻമാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നു മനസ്സിലായി. അവരുടെ പ്രതികരണം എന്താണ്; വല്ല ഭേദഗതിയും നിർദ്ദേശിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ശ്രീ. ചന്ദ്രശേഖരന്റെ ഒരു കുറിപ്പ് കിട്ടി. വാക്കുകളുടെ ശക്തിയെയും മാർദ്ദവത്തെയും സംബന്ധിച്ച് ചില ഭേദഗതികളും അദ്ദേഹം നിർദ്ദേശിച്ചിരുന്നു. അതിൽ ചിലത് സ്വീകരിച്ചിട്ടുമുണ്ട്. പൊതുവെ എല്ലാവരും ഇത് അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നമ്മുടെ നാട്ടിലെ കൃഷിക്കാർ ഇന്ന് ഗുരുതരമായ ഒരു പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ ഭരണഘടനയിൽ ഡയറക്റ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള എക്കണോമിക് ഇംബാലൻസ് നിറുത്തലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്.. അങ്ങനെ ഭരണഘടനാപരമായ നയത്തിന്റെ കൂടി ഒരു പ്രശ്നമായി ഇത് പരിഗണിച്ച് കേന്ദ്രത്തിന്റെ ഇന്നത്തെ ഇതു സംബന്ധിച്ച നയം മാറ്റാൻ, ഭരണഘടനയുടെ ഡയറക്റ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിക്ക് എതിരാണ് ഇതെന്ന് പ്രധാനമന്ത്രിയെ ബോധ്യപ്പെടുത്തി ഇന്നത്തെ നയം മാറ്റാൻ പരിശ്രമിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: നിവേദക സംഘത്തിൽ നിയമ പരിജ്ഞാനം ഉള്ളവരും ഉണ്ടാകാം. പ്രധാനമന്ത്രിയുടെ മുമ്പിൽ ഈ പ്രശ്നങ്ങളൊക്കെ അവതരിപ്പിച്ച് സംസ്ഥാനത്തിലെ കൃഷിക്കാരെ മൊത്തത്തിൽ സഹായിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് അഖിലകക്ഷി പ്രതിനിധി സംഘം പോകുന്നത്. നിയമപരമായ പ്രശ്നമുൾപ്പെടെ മറ്റു പല പ്രശ്നങ്ങളുമുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സ്പൈസസ് ആയ കുരുമുളകിന്റെ ഇറക്കുമതി നിലവിലുള്ള ഇംപോർട്ട് പോളിസിക്കെതിരാണെന്നുള്ള കാര്യം അറിയാമോ?

ശ്രീ. ഇ. കെ. നായനാർ: ഇത് കൊപ്രയേയും വെളിച്ചെണ്ണയെയും കൊക്കോയെയും സംബന്ധിച്ച ചോദ്യമാണ്. കുരുമുളകിന്റെ കാര്യം പ്രത്യേകം ചോദിച്ചാൽ അതു സംബന്ധിച്ച വിവരവും കണക്കുമൊക്കെ തരാം.

ശ്രീ. തോമസ് കല്ലമ്പള്ളി: വെളിച്ചെണ്ണ ഇറക്കുമതി ഉണ്ടാകുകയില്ലെന്ന് പ്രധാനമന്ത്രിയും മറ്റു കേന്ദ്ര മന്ത്രിമാരും പറഞ്ഞതായി ഈ സഭയിലെ പ്രതിപക്ഷ നേതാവു പറഞ്ഞത് ഈ സഭയെ മനഃപൂർവം തെറ്റിദ്ധരിപ്പിക്കലായിരുന്നില്ലേ?

ശ്രീ. ഇ. കെ. നായനാർ: അദ്ദേഹത്തിനു കിട്ടിയ വിവരംവച്ചദ്ദേഹം പറഞ്ഞു; അത് യാഥാർത്ഥ്യമല്ലെന്ന് വസ്തുതകൾ തെളിയിച്ചു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: വെളിച്ചെണ്ണ ഇറക്കുമതിയെത്തുടർന്ന് വെളിച്ചെണ്ണയുടെയും നാളികേരത്തിന്റെയും വില ഇടിഞ്ഞുകൊണ്ടിരിക്കുകയാണെന്നും അതിന്റെ ഫലമായി നാളികേര കൃഷിക്കാർ കൂടുതൽ ദുരിതത്തിലേക്കു നീങ്ങുകയാണെന്നുമുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: നമ്മുടെ മെമ്മോറാണ്ടത്തിൽ അതും പറഞ്ഞിട്ടുണ്ട്. 1,800 രൂപ വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 1,200 മുതൽ 1,400 രൂപ വരെയേ വിലയുള്ളൂ എന്നാണ് കാണുന്നത്. കൊപ്രയുടെയും കൊക്കൊയുടേയുമൊക്കെ സ്ഥിതിയും ഇതുതന്നെയാണ്. ഇതു

LIBRARY ARCHIVES Kerala Legislative Assembly

കാരണം കൃഷിക്കാർ വളരെ ബുദ്ധിമുട്ടിലാണ്. ലക്ഷക്കണക്കിന് കൃഷിക്കാരാണ് ദുരിതമനുഭവിക്കുന്നത്. ഈ സ്ഥിതി അവസാനിപ്പിച്ചെങ്കിൽ മാത്രമേ കൃഷിക്കാരെ രക്ഷിക്കാൻ സാധിക്കുകയുള്ളു എന്നാണ് നമ്മം അഭ്യർത്ഥിച്ചിട്ടുള്ളത്.

ശ്രീ. വൈക്കം വിശ്വൻ: ഇറക്കുമതി ചെയ്ത വെളിച്ചെണ്ണ പറഞ്ഞിരുന്ന ആവശ്യത്തിനുതന്നെയാണോ വിനിയോഗിക്കപ്പെട്ടത്? ആ വെളിച്ചെണ്ണ മുഴുവനും ഏതോ ഒരു വ്യക്തിതന്നെ വാങ്ങിയതായി അറിയുന്നത് ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ: ജൂലായ് 24-ാം തീയതി കൊച്ചിയിൽ ഇറക്കിയ വെളിച്ചെണ്ണ മുഴുവനും പിറേന്നുതന്നെ ടാറാക്കമ്പനി വാങ്ങിയതായിട്ട് പത്രത്തിൽ വായിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ: കഴിഞ്ഞ 18-ാം തീയതി പാർലമെന്റിൽ കേന്ദ്രവാണിജ്യ സഹമന്ത്രി നടത്തിയ പ്രസ്താവനയുടെ വെളിച്ചത്തിൽ കേരളത്തിന്റെ ആവശ്യം കേന്ദ്രം തള്ളിക്കളഞ്ഞതായും പ്രതിപക്ഷ നേതാക്കന്മാർക്കു കൊടുത്ത ഉറപ്പ് കാറ്റിൽ പറത്തിയതായും കരുതാമോ? ഈ സാഹചര്യത്തിൽ പ്രതിപക്ഷവും ഭരണകക്ഷിയും ഒരുമിച്ച് ഇക്കാര്യത്തിലുള്ള പ്രതിഷേധം രേഖപ്പെടുത്താൻ അടിയന്തിര നടപടിയെടുക്കാമോ?

ശ്രീ. ഇ. കെ. നായനാർ: അവർക്ക് എന്താണുറപ്പുകൊടുത്തിട്ടുള്ളതെന്നുവച്ചാൽ അവർതന്നെ പ്രതിഷേധിക്കട്ടെ. ഇപ്പോഴ് എല്ലാ കക്ഷികളും ഒരുമിച്ചാണ് മെമ്മോറാണ്ടം കൊടുക്കാൻ പോകുന്നത്. പ്രതിപക്ഷം ചെയ്യേണ്ടതെന്താണെന്ന കാര്യം, അവരാണ് തീരുമാനിക്കേണ്ടത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: വെളിച്ചെണ്ണ ഇറക്കുമതിയുടെ കാര്യത്തിലുള്ള ഈ നയം കേന്ദ്രം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. മുൻപ് കപ്പൽനിർമ്മാണശാലയുടെ കാര്യത്തിൽ നമ്മം ഇതുപോലെ എല്ലാ കക്ഷികളും ഒരുമിച്ചുനിന്ന് നിവേദനം നടത്തിയ പാരമ്പര്യമുണ്ട്. കേരളത്തിലെ ജനങ്ങം ഷണ്ഡന്മരല്ലെന്നു തെളിയിക്കുന്നതിനുവേണ്ടി ഈ കാര്യത്തിൽ കേന്ദ്രഭരണാധികാരികളുടെ മുമ്പിൽ നമ്മുടെ അമർഷം രേഖപ്പെടുത്താൻ, നിവേദനത്തിനുമപ്പുറം മറെന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ എല്ലാ കക്ഷികളുമായി ആലോചിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കാൻ സന്നദ്ധനാകുമോ?

ശ്രീ. ഇ. കെ. നായനാർ: 1980 ജൂൺ 7-ാം തീയതി യോഗം ചേർന്നാണ് പ്രധാനമന്ത്രിക്കു മെമ്മോറാണ്ടം സമർപ്പിച്ചത്. അന്ന് ചില ഉറപ്പുകളും അറിയിപ്പുകളുമൊക്കെ നമുക്കു ലഭിച്ചിട്ടുണ്ട്. അതിനു ശേഷവും ഇറക്കുമതി ചെയ്തപ്പോഴാണ് 1981 ജൂൺ മാസത്തിനുശേഷം നമ്മം വീണ്ടും അഭ്യർത്ഥന പുറപ്പെടുവിച്ചത്. സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ചിട്ടേ ഇറക്കുമതി ചെയ്യുകയുള്ളു എന്ന ഒരു സമീപനം കേന്ദ്രഗവൺമെന്റ് 1978-ൽ സ്വീകരിച്ചിരുന്നതായിട്ടാണ് രേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. അത്തരത്തിലുള്ള ഒരു സമീപനം കേന്ദ്രം സ്വീകരിക്കണമെന്നുള്ള അടിസ്ഥാനത്തിലാണ് മറു കക്ഷികളുമായി യോജിച്ചുകൊണ്ട് കഴിഞ്ഞ തവണ മെമ്മോറാണ്ടം സമർപ്പിച്ചത്. ഇപ്പോഴും അഭ്യർത്ഥിക്കുന്നത് അതാണ് മെമ്മോറാണ്ടത്തിനും അതീതമായി പ്രക്ഷോഭണങ്ങളെപ്പറ്റി തീർച്ചയായും എല്ലാവരും യോജിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പ്രക്ഷോഭണം നടത്തണംഎന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. മറ്റു പാർട്ടികളുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതു പരിശോധിക്കാം.

ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സർക്കാരിലേക്ക് ഡ്യൂട്ടി അടയ്ക്കേണ്ട സംഖ്യ

*574 [627] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, സി. ബി. സി. വാര്യർ:

,, പി. കെ. ചന്ദ്രാനന്ദൻ:

,, സി. പി. കരുണാകരൻപിള്ള:

,, പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും സർക്കാരിലേക്ക് ഡ്യൂട്ടി അടയ്ക്കേണ്ട സംഖ്യ 1981 മാർച്ച് അവസാനംവരെ എത്രകണ്ട് കുടിശ്ശികയുണ്ട്;

(ബി) ആക്ടിലെ സെക്ഷൻ 3 (1) അനുസരിച്ച് അടയ്ക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇതിൽ പെടുമോ;

(സി) ഇല്ലെങ്കിൽ ആ ഇനത്തിൽ 1981 മാർച്ച് 31 വരെ എന്തു കുടിശ്ശികയുണ്ട്;

(ഡി) ഈ കുടിശ്ശിക തുകകയ്ക ഏതുകാലം മുതൽക്കുള്ളതാണ്;

(ഇ) കുടിശ്ശിക വരുവാൻ കാരണം എന്താണ്;

(എഫ്) കുടിശ്ശിക ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) 1979-ന് ശേഷം കുടിശ്ശിക ഇനത്തിൽ എത്ര സംഖ്യ അടച്ചിട്ടുണ്ട്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) മാസംതോറും 45 ലക്ഷം രൂപ ബോർഡ് മുൻകൂറായി ഗവൺമെന്റിലേക്കടച്ചുകൊണ്ടിരിക്കുന്നതിനാൽ കുടിശ്ശികയുണ്ടെന്നു പറയാൻ നിവൃത്തിയില്ല. മുൻകൂറടയ്ക്കുന്ന തുകയിൽനിന്നും തനതു മാസത്തെ തുക നീക്കി ബാക്കിവരുന്ന തുക അടയ്ക്കുകയോ ബാക്കി അടയ്ക്കേണ്ടതിൽ കുറവാണെങ്കിൽ അടുത്ത മുൻകൂർ തുകയിൽ കണക്കാക്കുകയോ ചെയ്യുന്നു.

(ബി) ഇല്ല.

(സി) കുടിശ്ശിക തിട്ടപ്പെടുത്തുന്ന ജോലി പൂർത്തീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ബോർഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly